K25FY4238 Pages: 2 Reg No:.....
Name:.....

First Semester FYUGP Degree (Reg/Sup) Examination
November 2025
KU1DSCMAL101 - KATHAYUM KATHAVAYANAKALUM
2024 Admission onwards

Time : 1.5 hours Maximum Marks : 50

Section A

Answer any 6 questions. Each carry 2 marks.

1. "എനിക്ക് തിടുക്കങ്ങളില്ല ഭൂമിക്കടിയിൽ നിന്ന് കിട്ടുന്നതെല്ലാം പൊട്ടാതെയും പൊടിയാതെയും സൂക്ഷിക്കുന്നതുകൊണ്ടാവും ഒരു പക്ഷേ ഞങ്ങളെല്ലാവരും ഈ ലോകത്ത് ജീവിക്കാൻ കൊള്ളാത്തവരായി മാറിയിരുക്കുന്നു. " - ആരുടെ വാക്കുകളാണിത് ? എന്തു കൊണ്ടാണിങ്ങനെ പറയുന്നത്?

2. " അതു ശരിയല്ല. പലപ്പോഴും ആളുകളെ ഉണർത്തുന്നത് കാവൽക്കാരുടെ പണികളിൽ പെടും " - ആരാണിങ്ങനെ പറയുന്നത് ? കഥാസന്ദർഭം വിവരിക്കുക.

3. " എല്ലാവരോടും സ്വതന്ത്രമായി പെരുമാറാനുള്ള ലൈസൻസ് എടുക്കലാണ് വിവാഹം" (ഒരുക്കത്തിന്റെ ഒടുവിൽ)- സന്ദർഭവും ആശയവും വിവരിക്കുക

4. ഭർത്താവിന്റെ ചവിട്ടും ചുംബനവും സമചിത്തതയോടെ സ്വീകരിക്കുന്നതാണ് ഭാരതീയ ഭാര്യാധർമ്മം എന്ന് ഉപഹാസാത്മകമായി 'ഒരുക്കത്തിന്റെ ഒടുവിൽ എന്ന കഥയിലെ വാസന്തി പറയാനിടയായ സാഹചര്യമെന്ത്?

5. "അല്ലെങ്കിൽ തന്നെ എന്ത്? മൂന്നാം തരം ഇരുന്നൂറ് രൂപയായാലും കൊള്ളാതെ വരില്ലല്ലോ"- സന്ദർഭം വിവരിക്കുക.

6. മലയാളകഥയുടെ ഉദയരാശി എന്ന ലേഖനത്തിൽ 1904- ലെ 'രസികരഞ്ജിനി' യിൽ വന്ന ചെറുകഥാമത്സര പരസ്യത്തിന് നൽകുന്ന പ്രധാന്യമെന്ത്?

7. 'ഫോട്ടോ' എന്ന കഥയിൽ ബാലമനസ്സിന്റെ നിഷ്കളങ്കത ഫോട്ടോഗ്രാഫർ ചൂഷണം ചെയ്തത് എങ്ങനെയാണ്?

8. "ദുർഗ്ഗയുടെ കണ്ണ് വട്ടത്തിൽ വിടർന്നു. കരയാൻ തുറന്ന വായ് അങ്ങനെ തന്നെ ഇരുന്നു". കടൽ കാണാൻ എന്ന കഥയിലെ ഈ കഥാസന്ദർഭത്തിന്റെ പ്രസക്തി ചുരുക്കി എഴുതുക.

Section B

Answer any 4 questions. Each carry 6 marks.

9. ' പലേരി കേളു ' എന്ന കഥാപാത്രത്തിലൂടെ ഒരു കാലഘട്ടത്തിന്റെ കഥാഖ്യാനം സാധ്യമാകുന്നതെങ്ങനെ?

10. ഫ്യൂഡലിസ്റ്റ് കാലഘട്ടത്തിന്റെ ചങ്ങലക്കെട്ടുകളിൽ നിന്ന് പുറത്തു കടക്കാൻ ശ്രമിക്കുന്ന കഥാപാത്രമാണ് 'തലച്ചോറില്ലാത്ത സ്ത്രീകളി'ലെ കല്യാണിയമ്മ - വിലയിരുത്തുക

11. ആദ്യകാല കഥകളിലെ ഗദ്യഭാഷയെക്കുറിച്ച് കെ എസ് രവികുമാറിന്റെ നിരീക്ഷണം സംഗ്രഹിക്കുക.

12. പുതിയൊരു സൗന്ദര്യശാസ്ത്രം രൂപപ്പെടുത്താൻ കഴിയും വിധം പ്രാദേശിക സംസ്കൃതിയും വ്യക്തിസ്വത്വവും ഇടകലരുന്നത് മരത്തിൽ കേട്ടത് എന്ന കഥയിൽ കാണാം. - വിലയിരുത്തുക

13. അമ്മ അവളെ കൈ പിടിച്ചു കൊടുക്കുമ്പോൾ അറക്കാൻ ഒരാട്ടിൻ കുട്ടിയെ വാങ്ങുകയാണെന്ന് ലഖന് തോന്നി. ഈയൊരു പരാമർശം കഥയുടെ ആകെത്തുകയുടെ താക്കോൽ വാക്യമാകുന്നതെങ്ങനെ?

14. കടൽ കാണാൻ എന്ന കഥ വർത്തമാന സന്ദർഭത്തിൽ ഒരു പാൻ ഇന്ത്യൻ അനുഭവമായിത്തീരുന്നതെങ്ങനെ? വിലയിരുത്തുക

Section C

Answer any 1 questions. Each carry 14 marks.

15. "ജീവിച്ചിരിക്കുന്നതിൽ കൂടിയ എന്ത് നിസ്സഹായ അവസ്ഥയാണ് ഈ ലോകത്തുള്ളത്." (സതി) ഈ പരാമർശത്തിൽ ഊന്നിക്കൊണ്ട് സതി എന്ന കഥയ്ക്ക് ഒരാസ്വാദനം തയ്യാറാക്കുക.

16. നവോത്ഥാന കഥകളിൽ നിന്ന് നവീനകഥ(modernism) കളിലേക്കെത്തുമ്പോൾ സംഭവിച്ച ഭാവുകത്വ വ്യതിയാനങ്ങൾ താരതമ്യം ചെയ്യുക.

SIR SYED COLLEGE
CENTRAL LIBRARY